# 'അസാധാരണ സാഹചര്യത്തിൽ' ചോദ്യങ്ങൾ ചോദിക്കാമോ?

മാർച്ച് 24 അർദ്ധരാത്രി മുതൽ ഇന്ത്യ അടഞ്ഞുകിടക്കുകയാണ്. സഞ്ചാരങ്ങൾ നിയന്ത്രിക്കപ്പെട്ടു, എല്ലാ ആൾക്കൂട്ടങ്ങളും പിരിച്ചുവിടപ്പെട്ടു, നഗരങ്ങൾ നിശ്ചലമാക്കപ്പെട്ടു, പഴയരൂപത്തിലുള്ള ജീവിതം തന്നെ അസാധ്യമാക്കപ്പെട്ടു. കോവിഡ് വ്യാപനം തടയുന്നതിന് 'ലോക്ഡൗൺ' അല്ലാതെ മറ്റ് മാർഗ്ഗമില്ലെന്ന പൊതുധാരണയിൽ ഭരണകൂടത്തിന്റെ എല്ലാ ആജ്ഞകളെയും ഒരു അടിയന്തിര സാഹചര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ജനം സർവ്വസമ്മതത്തോടെ സ്വീകരിച്ചു. രണ്ടും മൂന്നും നാലും ഘട്ടങ്ങൾ കടന്ന് ലോക്ഡൗൺ ഒട്ടേറെ ഇളവുകളുമായി അഞ്ചാം ഘട്ടത്തിലേക്ക് എത്തിയിരിക്കുകയാണ്. എന്നാൽ ലോക്ഡൗണിലൂടെ ലക്ഷ്യമാക്കപ്പെട്ട കോവിഡ് വ്യാപനത്തെ തടയുക എന്ന ഉദ്ദേശം ഫലപ്രാപ്തിയിലെത്തിയില്ല എന്ന സത്യത്തെ ഞെട്ടലോടെ തിരിച്ചറിഞ്ഞുകൊണ്ടാണ് അഞ്ചാം ഘട്ടത്തിലേക്ക് ഇന്ത്യ ചുവടുവച്ചിരിക്കുന്നത്. പൗരസ്വാതന്ത്ര്യങ്ങളെ നിഷേധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ലോക്ഡൗൺ എന്ന് വ്യക്തമായിരുന്നിട്ടും ഭരണഘടനയിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ ഭരണക്രമം നിലനിൽക്കുന്ന രാജ്യത്ത് അത്തരത്തിലുള്ള ഒരു പൗരസുരക്ഷയും ജനങ്ങൾക്ക് വേണ്ടി ഒരുക്കുന്നതിന് കേന്ദ്ര സർക്കാരിന് കഴിയാതെ പോയി. മഹാമാരിയെ തടയുക എന്ന ഒരു അസാധാരണ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടി വരുന്നതിന്റെ ഭാഗമായി സംഭവിച്ചുപോയ വീഴ്ചയല്ല ഇതെന്നാണ് അടച്ചിടപ്പെട്ട ഓരോ ദിനവും ഓർമ്മിപ്പിച്ചുകൊണ്ടിരുന്നത്. ഈ ലോക്ഡൗൺ കാലത്തുണ്ടായ പ്രഖ്യാപനങ്ങളും ഭരണനടപടികളും നിയമനിർമ്മാണങ്ങളും പരിഷ്കരണങ്ങളുമെല്ലാം വെളിപ്പെടുത്തുന്നത് 'അസാധാരണ സാഹചര്യ'ത്തെ ലാഭക്കണ്ണുകളോടെ നോക്കിക്കണ്ട ഒരു ഏകാധിപത്യ ഭരണകൂടത്തെയാണ്. കോവിഡ് വ്യാപനം തടയുന്നതിന്റെ മറവിൽ മോദി സർക്കാർ ഇച്ഛിച്ചതുപോലെ ഒരു 'പോലീസ് സ്റ്റേറ്റി'നെ ക്രമഗതമായി രൂപപ്പെടുത്തിയെടുക്കാൻ കേന്ദ്ര സർക്കാറിന് കഴിഞ്ഞിരിക്കുന്നു. എല്ലാ എതിർവാദങ്ങളെയും നിശബ്ദമാക്കുന്നതിനും സംഘടിതമായ പ്രതിഷേധങ്ങളെ വരുംകാലത്തേക്ക് പോലും റദ്ദുചെയ്യുന്നതിനും കോർപ്പറേറ്റ് വാഴ്ച കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്നതരത്തിലുള്ള വളരെ കേന്ദ്രീകൃതമായ ഒരു ഭരണപ്രക്രിയയുടെ ശാക്തീകരണം ഈ ലോക്ഡൗൺ കാലത്ത് വളരെ ആസൂത്രിതമായി തന്നെ ഇന്ത്യയിൽ സംഭവിക്കുകയുണ്ടായി.

ഏറെ ആദരിക്കപ്പെടുന്ന എഴുത്തുകാരും സാമൂഹ്യപ്രവർത്തകരുമായ ആനന്ദ് തെൽതുംതെയുടെയും ഗൗതം നവ്‌ലാഖയുടെയും അറസ്റ്റാണ് മഹാമാരിയുടെ നടുവിലും ഒരു ദയയുമില്ലാതെയുണ്ടായ മനുഷ്യാവകാശ ലംഘനം. ഭീമ കൊറേഗാവ് സംഭവത്തെ തുടർന്ന് 'അർബൻ നക്സലുകൾ' എന്നാരോപിച്ച് അറസ്റ്റു ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യപ്രവർത്തകരുടെ കൂട്ടത്തിൽ ഏറ്റവും ഒടുവിലത്തെ കണ്ണിയായിരുന്നു ഇവർ. കോവിഡിന്റെ പശ്ചാത്തലത്തിൽ പരോൾ വ്യവസ്ഥകൾ ഉദാരമാക്കിക്കൊണ്ട് രാജ്യമെങ്ങും നിരവധി തടവുകാരെ പുറത്തുവിട്ടപ്പോഴും ആനന്ദ് തെൽതുംതെയ്ക്കും ഗൗതം നവ്‌ലാഖയ്ക്കും ഒരിളവും നൽകാൻ സർക്കാർ തയ്യാറായില്ല. സർക്കാരിനെതിരെ സംസാരിക്കുന്നവരെ നിശബ്ദരാക്കുക എന്ന ആസൂത്രിത പദ്ധതിയുടെ ഭാഗമായി നടന്ന അറസ്റ്റായതിനാൽ ഇളവുകൾക്ക് അവർ അർഹമായിരുന്നില്ല. ഈ പദ്ധതി ഇവരിൽ അവസാനിച്ചില്ല. കോവിഡ് പ്രതിസന്ധിയിലേക്ക് ഇന്ത്യ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് കേന്ദ്ര സർക്കാരിനെ പിടിച്ചുലച്ച സംഗതിയായിരുന്നല്ലോ പൗരത്വബില്ലിനെതിരായ ജനകീയ മുന്നേറ്റങ്ങൾ. ദില്ലിയിലെ ജാമിയ മില്ലിയ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ കൊളുത്തിയ സമരാഗ്നി രാജ്യമെങ്ങും പടരുകയും പൗരത്വബില്ലിനെതിരായ പ്രക്ഷോഭം ലോകമെങ്ങും ചർച്ചയാവുകയും ചെയ്തത് നരേന്ദ്ര മോദി സർക്കാരിന്റെ പ്രതിച്ഛായയെ വല്ലാതെ കളങ്കപ്പെടുത്തുകയുണ്ടായി. പൊതുനിരത്തുകളും ജനസഞ്ചയങ്ങളും ലോക്ഡൗണിനാൽ നിശ്ചലമാക്കപ്പെട്ടതോടെ രാജ്യത്തെ മതാടിസ്ഥാനത്തിൽ വിഭജിക്കാൻ ശ്രമിച്ച നിയമത്തിനെതിരെ സംഘടിച്ചവരെ തിരഞ്ഞുപിടിച്ച് അകത്തിടാനുള്ള നടപടികൾക്ക് വേഗം കൂടി. ജാമിയയിലെയും ജെ.എൻ.യുയിലെ വിദ്യാർത്ഥി നേതാക്കളും മനുഷ്യാവകാശ പ്രവർത്തകരും ദില്ലിയിൽ നടന്ന കലാപത്തിന് കാരണക്കാരാണെന്ന പേരിൽ യു.എ.പി.എ ചുമത്തി അറസ്റ്റുചെയ്യപ്പെട്ടു. ഇന്ത്യയിൽ നടക്കുന്ന ഇസ്ലാമോഫോബിയക്കെതിരേ ട്വീറ്റ് ചെയ്തതിന്റെ പേരിൽ ഡൽഹി ന്യൂനപക്ഷ കമ്മീഷൻ ചെയർ മാൻ ഡോ. സഫറുൽ ഇസ്‌ലാം ഖാനെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കേസെടുക്കുകയുണ്ടായി. കോവിഡ് ഭീതിയുടെ മറവിൽ സംഘപരിവാറിന്റെ രാഷ്ട്രീയ താത്പര്യങ്ങൾ എങ്ങനെയെല്ലാം നടപ്പിലാക്കാം എന്നതിന്റെ ഒരു പ്രായോഗ പരീക്ഷണമാണ് ഈ നടപടികളിൽ കാണാൻ കഴിയുന്നത്.

ലോക്ഡൗൺ കാലത്ത് നിരാശ്രയരായി സ്വന്തം നാടുകളിലേക്ക് നടന്നുനീങ്ങിയ കുടിയേറ്റ തൊഴിലാളികളെക്കുറിച്ച് അത്ര ആശങ്കയൊന്നും ഉണ്ടായിരുന്നില്ലെങ്കിലും വ്യവസായങ്ങൾ നേരിടുന്ന സാമ്പത്തിക പ്രയാസം സർക്കാരിനെയും വലിയ പ്രയാസത്തിലാക്കി. ഈ പ്രതിസന്ധിയിൽ നിന്നും വ്യവസായ മേഖലയെ പിടിച്ചുയർത്തുന്നതിന് വേണ്ടി ആദ്യം തകർപ്പെട്ടതും തൊഴിലാളികളുടെ അവകാശങ്ങളായിരുന്നു. കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ നിരവധി സംസ്ഥാനങ്ങൾ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തു. ലോക്ഡൗൺ കാലത്ത് സംഘടിത സമരങ്ങൾക്ക് വിലക്കുള്ളതിനാൽ ഇത് വളരെ അനായാസം നടന്നു. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ഹരിയാന, പഞ്ചാബ്, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങൾ നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങളിൽ വലിയ അഴിച്ചുപണികൾ നടത്തി. എട്ട് മണിക്കൂർ ജോലി എന്ന ഏറ്റവും പ്രാഥമികമായ തൊഴിലാളികളുടെ അവകാശം പുതിയ ഭേദഗതിയിലൂടെ ഇനി മുതൽ 12 മണിക്കൂർ ആയി വർധിച്ചിരിക്കുകയാണ്. മിനിമം വേതനം, പിരിച്ചുവിടൽ, ഓവർടൈം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇനി മുതൽ തീരുമാനമെടുക്കുന്നത് കമ്പനികളായിരിക്കും എന്നും ഭേദഗതി പറയുന്നു. ഇത്തരം അവകാശ നിഷേധങ്ങൾക്കും ജനാധിപത്യധ്വംസനത്തിനുമുള്ള മറയാണോ ലോക്ഡൗൺ? 'അസാധാരണ സാഹചര്യത്തിൽ' ചോദ്യങ്ങളൊന്നും ചോദിക്കാൻ പാടില്ല എന്നാണല്ലോ പുതിയ ചട്ടം.■